# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.03.2025**

### പ്രധാനവാർത്തകൾ

1. അന്താരാഷ്ട്ര വനിതാ ദിനത്തിൽ വിപുലമായ ആഘോഷങ്ങളുമായി രാജ്യം. തൊഴിൽ മേഖലയിൽ കൂടുതൽ സ്ത്രീപങ്കാളിത്തം ആവശ്യമെന്ന് രാഷ്ട്രപതി. സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനത്തിലേക്ക് ഇന്ത്യ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി.

2. കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി നടപ്പാക്കിയ ജനകീയ ക്യാമ്പയിനിൽ ഒരു മാസത്തിനുള്ളിൽ 10 ലക്ഷത്തിലധികം പേർ പങ്കെടുത്തതായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ്.

3. വയനാട് ഉരുൾപൊട്ടൽ പുനരധിവാസ വിഷയത്തിൽ ആശങ്കപെടേണ്ട സാഹചര്യമില്ലെന്ന് മന്ത്രി കെ. രാജൻ.

4. സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ ഇന്ന് 6 ജില്ലകളിൽ മഞ്ഞ ജാഗ്രത. കാസർഗോഡ് സൂര്യാഘാതമേറ്റ് ഒരു മരണം.

5. ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്- ഈസ്റ്റ് ബംഗാൾ പോരാട്ടം. രണ്ടാം മത്സരത്തിൽ മോഹൻ ബഗാൻ - ഗോവ എഫ്സിയെ നേരിടും.

************************************

## വനിതാ ദിനം - ദേശീയം

അന്താരാഷ്ട്ര വനിതാ ദിനത്തിൽ വിപുലമായ ആഘോഷങ്ങളുമായി രാജ്യം. ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തി എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ നീങ്ങുമ്പോൾ തൊഴിൽ മേഖലയിൽ കൂടുതൽ സ്ത്രീപങ്കാളിത്തം ആവശ്യമാണെന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ സ്ത്രീകളുടെ പങ്ക് നിർണായകമാണെന്നും രാഷ്ട്രപതി വ്യക്തമാക്കി. സ്ത്രീശാക്തീകരണത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഗുജറാത്തിലെ നവ്സാരിയിൽ നടന്ന ലഖ്പതി ദീദി സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനത്തിലേക്ക് ഇന്ത്യ മുന്നേറുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

***********************************

## വനിതാദിനം- വീണാജോർജ്ജ്

അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് ഓൺലൈനായി നിർവഹിച്ചു. സംസ്ഥാന സർക്കാരിൻറെ 2024ലെ വനിതാരത്ന പുരസ്കാരങ്ങൾ മന്ത്രി ജെ ചിഞ്ചുറാണി ചടങ്ങിൽ സമ്മാനിച്ചു.

***********************************

## കാൻസർ പ്രതിരോധം - വീണാ ജോർജ്

ലോകവനിതാ ദിനത്തിൽ ചരിത്രം കുറിച്ച് കേരളം. കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന സർക്കാർ നടപ്പാക്കിയ 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം'

ജനകീയ ക്യാമ്പയിനിൽ പങ്കെടുത്ത് ഒരു മാസത്തിനുള്ളിൽ 10 ലക്ഷത്തിലധികം പേർ പരിശോധന നടത്തിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. സംസ്ഥാനത്തെ 1,517 ആശുപത്രികളിലാണ് സ്ക്രീനിംഗ് സംവിധാനം ഒരുക്കിയിരുന്നത്.

*************************************

## വിനയ എൻ.എ - ഇൻട്രോ

33 വർഷം കേരള പോലീസിൽ സേവനമനുഷ്ഠിച്ച വയനാട് സ്വദേശിനി വിനയ എൻ.എ സംസ്ഥാന സർക്കാരിൻറെ വനിതാരത്ന പുരസ്കാര നിറവിൽ. സ്ത്രീകൾ ആത്മാഭിമാനത്തോടെ നിവർന്നു നിൽക്കണമെന്ന് ശ്രീമതി വിനയ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*************************************

RNU TVPM

## മിന്നുമണി - ഇൻട്രോ

സ്വന്തം കഴിവിലുള്ള ആത്മവിശ്വാസവും നിരന്തര പരിശ്രമവുമാണ് വിജയത്തിലേക്കുള്ള ചവിട്ടുപടിയെന്ന് ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം മിന്നു മണി. തടസങ്ങളെ അവഗണിച്ച് മുന്നോട്ട് പോകുന്നവർക്ക് വിജയം ഉറപ്പാണെന്നും മിന്നു മണി ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*************************************

## കടന്നപ്പള്ളി രാമചന്ദ്രൻ

കുടുംബശ്രീ പ്രവർത്തകർക്ക് സാമൂഹിക- ക്ഷേമ മേഖലയിൽ നീതിബോധത്തോടെ പ്രവർത്തിക്കാൻ പിന്തുണ ഉറപ്പാക്കുമെന്ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ. കുടുംബശ്രീ മിഷന്റെയും വയനാട് ജില്ലാ മിഷന്റെയും ആഭിമുഖ്യത്തിൽ കൽപ്പറ്റയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര വനിതാദിനാഘോഷവും സംസ്ഥാനതല സിംപോസിയവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വനിതകൾക്ക് സമത്വ ബോധത്തോടെ പ്രവർത്തിക്കാൻ പ്രായോഗികവും നിയമപരവുമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ അത് പരിഹരിക്കാൻ സർക്കാർ ഒപ്പമുണ്ടെന്നും മന്ത്രി പറഞ്ഞു.

***********************************

## ആശാ വർക്കർ - ഇൻട്രോ

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന സമരം 27-ാം ദിവസത്തിലേക്ക് കടന്നു. വനിതാ ദിനമായ ഇന്ന് ആശാ വർക്കർമാർ വനിതാ മഹാ സംഗമം നടത്തി.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

(വോയ്സ്)

ആശ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ ചർച്ചയ്ക്ക് തയ്യാറായി പ്രശ്നം പരിഹരിക്കണമെന്ന് ബി.ജെ.പി ദേശീയ നിർവ്വാഹക സമിതി അംഗം പി. കെ. കൃഷ്ണദാസ് കണ്ണൂരിൽ ആവശ്യപ്പെട്ടു.

***********************************

RNUTVPM

## വയനാട് - കെ.രാജൻ

വയനാട് പുനരധിവാസ വിഷയത്തിൽ ആർക്കും ആശങ്ക വേണ്ടെന്ന് റവന്യൂ മന്ത്രി കെ. രാജൻ. വിഷയത്തിൽ അനാവശ്യമായി രാഷ്ട്രീയം കാണേണ്ടതില്ലെന്ന് അദ്ദേഹം മലപ്പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു. നിലവിൽ പുനരധിവാസ വിഷയം പൂർണമായും DCMA യുടെ അധികാരത്തിലാണെന്നും സർക്കാർ ഇടപെടേണ്ട ഘട്ടമായിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. അർഹതയുണ്ടായിട്ടും മൂന്ന് പട്ടികയിലും ആരും ഇടം നേടാതിരിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

************************************

## വെഞ്ഞാറമൂട് കൊലപാതകം

വെഞ്ഞാറമൂട് കൂട്ടക്കൊലപാതക കേസിൽ ഇന്നത്തെ തെളിവെടുപ്പ് പൂർത്തിയായി. അഫാൻറെ അമ്മൂമ്മ സൽമാ ബീവിയെ കൊലപ്പെടുത്തിയ കേസിലെ തെളിവെടുപ്പാണ് പൂർത്തിയായത്. കൊലപാതകത്തിന് ഉപയോഗിച്ച ചുറ്റിക വാങ്ങിയ കടയിലും സ്വർണം പണയം വച്ച ധനകാര്യ സ്ഥാപനത്തിലും പണം അയക്കാൻ എത്തിയ എ ടി എമ്മിലുമാണ് തെളിവെടുപ്പ് നടത്തിയത്. പൊലീസ് കസ്റ്റഡി കാലാവധി ഇന്ന് അവസാനിച്ചതിനെ തുടർന്ന് അഫാനെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

RNU TVPM

************************************

## കണ്ണൂർ ആറളം - ഇൻട്രോ

കണ്ണൂർ ആറളം പുനരധിവാസ മേഖലയിലെ വനാതിർത്തിയിൽ സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

ആനമതിൽ പൂർത്തിയാകുന്നതു വരെയ്ക്കാണ് സൗരോർജ തൂക്കുവേലി നിർമ്മിക്കാൻ തീരുമാനിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ...**

(വോയ്സ്)

************************************

## കാലാവസ്ഥ

സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ ഇന്ന് കൊല്ലം, പത്തനംതിട്ട, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, തൃശൂർ, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്. അതേസമയം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ വരും മണിക്കൂറുകളിൽ ഇടിമിന്നലോടു കൂടിയ നേരിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പ്.

RNU TVPM

************************************

## സൂര്യാഘാതം - കാസർഗോഡ്

കാസർഗോട്ട് സൂര്യാഘാതമേറ്റ് ഒരാൾ മരിച്ചു. കയ്യൂർ വലിയ പൊയിലിലെ കുഞ്ഞിക്കണ്ണനാണ് മരിച്ചത്. 92 വയസ്സായിരുന്നു. വീടിൻറെ സമീപത്ത് വെച്ച് സൂരാഘാതം ഏൽക്കുകയായിരുന്നു.

************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്- ഈസ്റ്റ് ബംഗാൾ മത്സരം പുരോഗമിക്കുന്നു. രാത്രി 7.30ന് നടക്കുന്ന രണ്ടാമത്തെ മത്സരത്തിൽ മോഹൻ ബഗാൻ- ഗോവ എഫ്സിയെ നേരിടും.

************************************

## എ കെ ശശീന്ദ്രൻ - മുഹമ്മദ് ഷഹബാസ്

പത്താം ക്ലാസ്സ് വിദ്യാർത്ഥി മുഹമ്മദ് ഷഹബാസ് മരിക്കാനിടയായ സംഭവത്തിൽ കൃത്യമായ പോലീസ് അന്വേഷണം പുരോഗമിക്കുകയാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. ഷഹബാസിന്റെ താമരശ്ശേരി ചുങ്കത്തെ വീട്ടിലെത്തി ബന്ധുക്കളെ സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്വേഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള പോരായ്മകൾ ഉണ്ടെങ്കിൽ ആവശ്യമായ ഇടപെടലുകൾ നടത്തുമെന്നും മന്ത്രി വ്യക്തമാക്കി.

RNUTVPM

************************************

## താനൂർ - പെൺകുട്ടികളെ തിരിച്ചെത്തിച്ചു

താനൂരിൽ നിന്ന് നാടുവിട്ടു പോയ പെൺകുട്ടികൾ തിരിച്ചെത്തി. പോലീസ് സംഘത്തോടൊപ്പം ഉച്ചയോടെ എത്തിയ കുട്ടികളെ മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കി രഹസ്യ മൊഴി രേഖപ്പെടുത്തി കൗൺസിലിംഗിന് ശേഷം വീട്ടുകാർക്ക് വിട്ട് നൽകും.

************************************

## എം വി ഗോവിന്ദൻ - കൊല്ലം

ഇടതു സർക്കാരിൻറെ മൂന്നാം ഘട്ടത്തിലേക്കുള്ള യാത്രയ്ക്ക് സുപ്രധാന നിലപാടുകളാണ് സിപിഎം സമ്മേളനത്തിൽ രൂപം കൊള്ളുകയെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. മൂലധനസമാഹരണത്തിന് നിരവധി വഴികൾ കണ്ടെത്തുന്നതാണ് മുഖ്യമന്ത്രി അവതരിപ്പിച്ച 'നവകേരളത്തിന് പുതുവഴികൾ' എന്ന രേഖയെന്നും അദ്ദേഹം കൊല്ലത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

************************************

## ആകാശവാണി @ 75

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷിക ആഘോഷങ്ങളുടെയും, അന്താരാഷ്ട്ര വനിതാ ദിനത്തിൻറെയും ഭാഗമായി മാവേലിക്കരയിലെ എ ആർ രാജ രാജ വർമ സ്മാരകത്തിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു. ആകാശവാണി തിരുവനന്തപുരം പ്രോഗ്രാം മേധാവി വി ശിവകുമാർ ഉദ്ഘാടനം ചെയ്തു. അക്ഷര ശ്ലോകക്കളരി, പ്രഭാഷണം, നാടൻപാട്ട് സന്ധ്യ എന്നിവ ഇതിൻറെ ഭാഗമായി സംഘടിപ്പിച്ചു.

RNUTVPM

************************************

## ചാമ്പ്യൻസ് ട്രോഫി

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ- ന്യൂസിലൻറ് ഫൈനൽ നാളെ. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30-നാണ് മത്സരം.

************************************

## മയക്കുമരുന്നുമായി അറസ്റ്റിൽ - കണ്ണൂർ

കണ്ണൂർ നഗരത്തിലെ ഒരു ലോഡ്ജിൽ മയക്കുമരുന്നുമായി രണ്ട് പേർ അറസ്റ്റിൽ. നിഹാദ് മുഹമ്മദ്,അനാമിക സുധീപ് എന്നിവരാണ് അറസ്റ്റിലായത്. 4 ഗ്രാം എംഡിഎംഎ യും, 9 ഗ്രാം കഞ്ചാവും ഇവരിൽ നിന്നും പിടികൂടി.

**************************************************

**********************************

*********************

RNU TVPM